"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- ഫ്ലോട്ടിങ് ബ്രിഡ്ജ് റെഗുലേഷൻസ് ,ഓപ്പറേഷൻ &സേഫ്റ്റി ഗൈഡ് ലൈൻസ് , ചെക്ക് ലിസ്റ്റ് /ഡോക്യൂമെന്റ്സ് എന്നിവ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(കൈ) നം.1/2025/TSM തീയതി,തിരുവനന്തപുരം, 21-01-2025

പരാമർശം:-

1. സ.ഉ.(സാധാ) നം.532/2017/ടൂറിസം, തീയതി 25-10-2017.
2. സ.ഉ.(കൈ) നം.18/2019/ടൂറിസം, തീയതി 14-10-2019.
3. സ.ഉ.(സാധാ) നം.19/2021/ടൂറിസം, തീയതി 23-01-2021.
4. സ.ഉ.(കൈ) നം.13/2021/ടൂറിസം, തീയതി 26-07-2021.
5. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 07-06-2023, 09-04-2024 എന്നീ തീയതികളിലെ DOT/770712023-P9 നമ്പർ കത്തുകൾ.
6. സ.ഉ.(സാധാ) നം.598/2024/ടൂറിസം, തീയതി 18-10-2024.
7. കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 09-01-2025 തീയതിയലെ ഇ-മെയിൽ സന്ദേശം.

**ഉത്തരവ്**

പരാമർശം (2) പ്രകാരം "കേരള അഡ്വഞ്ചർ ആൻഡ് ആക്ടിവിറ്റി ബെയ്സിഡ് ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി ഗൈഡ് ലൈൻസ്" അംഗീകരിച്ചും , പരാമർശം (4) പ്രകാരം സംസ്ഥാനത്തെ ക്യാമ്പിംഗ് ആക്ടിവിറ്റിയുമായി ബന്ധപെട്ട പ്രത്യേക സുരക്ഷാ മാനദണ്ഡങ്ങൾ അംഗീകരിച്ചും ഉത്തരവായിരുന്നു.

(2). കേരളത്തിൽ പ്രചാരത്തിലുള്ള ഫ്ലോട്ടിംങ് ബ്രിഡ്ജ് നിലവിൽ സാഹസിക വിനോദങ്ങളുടെ ഗൈഡ്ലൈൻസിൽ ഉൾപ്പെട്ടിട്ടില്ലാതിരുന്നതിനാലും, ആയത് ജല-സാഹസിക വിനോദമായതിനാൽ സുരക്ഷയും രജിസ്ട്രേഷനും നിർ ബന്ധമാക്കേണ്ടതുമായതിനാൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ

സൊസൈറ്റി തയ്യാറാക്കിയ ഫ്ലോട്ടിങ് ബ്രിഡ്ജ് റെഗുലേഷൻസ്, ഓപ്പറേഷൻ &സേഫ്റ്റി ഗൈഡ് ലൈൻസ് , ചെക്ക് ലിസ്റ്റ് /ഡോക്യുമെന്റ്സ് എന്നിവ പരിശോധിച്ച് അംഗീകരിക്കുന്നതിനായി പരാമർശം (5) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് ലഭ്യമാക്കുകയുണ്ടായി.

(3). തുടർന്ന്, സംസ്ഥാനത്തെ ഗ്ലാസ് ബ്രിഡ്ജ്, ഫ്ലോട്ടിങ് ബ്രിഡ്ജ് തുടങ്ങിയവയുടെ സുരക്ഷാ പരിശോധനയ്ക്കായി പരാമർശം (6) പ്രകാരം, കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (KATPS) കീഴിൽ വിദഗ്ധ എൻജിനീയർമാരുടെ പാനൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും, പ്രസ്തുത കമ്മിറ്റി പരിശോധിച്ച് ലഭ്യമാക്കിയ പുതുക്കിയ ഫ്ലോട്ടിങ് ബ്രിഡ്ജ് റെഗുലേഷൻസ്, ഓപ്പറേഷൻ &സേഫ്റ്റി ഗൈഡ് ലൈൻസ്, ചെക്ക് ലിസ്റ്റ് /ഡോക്യുമെന്റ്സ് പരാമർശം (7) പ്രകാരം ലഭ്യമാകുകയും ചെയ്തിരുന്നു.

(4). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരിശോധനയിൽ കേരളത്തിൽ പ്രചാരത്തിലുള്ള ജല-സാഹസിക വിനോദമായ ഫ്ലോട്ടിംങ് ബ്രിഡ്ജ് ന് സുരക്ഷയും രജിസ്ട്രേഷനും നിർബന്ധമാക്കേണ്ടത് അനിവാര്യമാണെന്ന് ബോധ്യമാവുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ജല-സാഹസിക വിനോദമായ ഫ്ലോട്ടിംങ് ബ്രിഡ്ജ് ന് സുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ടി ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന ഫ്ലോട്ടിങ് ബ്രിഡ്ജ് റെഗുലേഷൻസ്, ഓപ്പറേഷൻ &സേഫ്റ്റി ഗൈഡ് ലൈൻസ്, ചെക്ക് ലിസ്റ്റ് /ഡോക്യുമെന്റ്സ് എന്നിവ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി, വഴുതയ്ക്കാട്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I & II ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
വിനോദസഞ്ചാര (എ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/129/2023-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 21-01-2025 17:06:17

സെക്ഷൻ ഓഫീസർ

പകർപ്പ് :

വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.